

# മഫ്താ വിവാദത്തിന് പിന്നിൽ

**ജമാലുദ്ദീൻ പാലേരി**

മനുഷ്യൻ മാത്രമാണ് നഗ്നത മറക്കാറ്. മറ്റു ജീവികൾക്കൊന്നുമില്ലാത്ത പ്രത്യേകതയാണത്. വസ്ത്രധാരണം മാന്യതയുടെയും സംസ്കാരത്തിന്റെയും വ്യക്തിത്വത്തിന്റെയും അന്തസ്സിന്റെയും ലക്ഷണങ്ങളായിട്ടാണ് കണക്കാക്കുന്നത്. ചിലരുടെ ഐഡന്റിറ്റി കൂടിയാണത്. വെള്ളമുണ്ടും കുപ്പായവും തലപ്പാവും മുസ്ലിംകളിലെ ചിലർ ധരിക്കുമ്പോൾ, കാഷായവസ്ത്രവും രുദ്രാക്ഷ മാലയും ഹൈന്ദവ സന്യാസിമാരും, ളോഹ ക്രിസ്ത്യൻ പുരോഹിതന്മാരും അണിയുന്നു.

ഇന്ന് സാധാരണക്കാരന് താങ്ങാവുന്നതിലുമപ്പുറമാണ് വസ്ത്രങ്ങളുടെ വില. ഒരു കല്ല്യാണമോ പെരുന്നാളോ വന്നാൽ അണു കുടുംബമാണെങ്കിൽ പോലും ഒരാൾക്ക് ചുരുങ്ങിയത് ആയിരത്തിലധികം രൂപ വേണ്ടിവരും. കുടുംബത്തിന്റെ നട്ടെല്ലൊടിക്കുന്ന വിലയാണ് വസ്ത്രങ്ങൾക്ക്. വൻലാഭം കിട്ടുന്ന ബിസിനസായി തുണിക്കച്ചവടം മാറിയിരിക്കുന്നു. റെഡിമെയ്ഡിലൂടെ ഇരട്ടി ലാഭം കൊയ്യാനാവും.

കാലം മാറുന്നു. അതോടൊപ്പം നമ്മുടെ വേഷവും സംസ്കാരവും മാറിക്കൊണ്ടിരിക്കുന്നു. ഈ മാറ്റം കൂടുതലായി കാണുന്നത് സ്ത്രീകളിലാണ്. സിനിമകളിൽ നിന്നും സീരിയലുകളിൽ നിന്നുമാണ് അവർ ഫാഷൻ അനുകരിക്കുന്നത്. ഒപ്പം ചില വനിതാ പ്രസിദ്ധീകരണങ്ങളുമുണ്ട്. സിനിമകളിൽനിന്നും പ്രസിദ്ധീകരണങ്ങളിൽ നിന്നുമുള്ള ഫാഷനുകൾ വിപണിയിലിറക്കുന്നതാകട്ടെ വസ്ത്രക്കമ്പനികളും. സ്ത്രീകൾ ഉപയോഗിക്കുന്ന ചുരിദാറിനും സാരിക്കും നൂറ്റിഅമ്പത് രൂപ മുതൽ പതിനായിരം രൂപ വരെ വിലയുണ്ട്. ഡ്രസ്സുകൾ വാരിക്കൂട്ടുകയെന്നത് സ്ത്രീകളുടെ ദൗർബല്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ഡസൻ സാരിയെങ്കിലുമില്ലാത്ത സ്ത്രീകൾ വളരെക്കുറവായിരിക്കും. ആയിരത്തിലധികം സാരികളുള്ള ഒരു സ്ത്രീയെ ഒരു വനിതാമാസിക പരിചയപ്പെടുത്തിയിരുന്നു. മുണ്ട്, ചുരിദാർ തുടങ്ങിയവ സൂപ്പർ സ്റ്റാറുകൾ അഭിനയിച്ച സിനിമയുടെ പേരിലാണ് അറിയപ്പെടുന്നത്. ഡ്രസ്സുകൾ വാങ്ങുന്നതു തന്നെ സിനിമാപേരുകൾ പറഞ്ഞാണ്. ഒരു പുതിയ ഫാഷന് ചുരുങ്ങിയത് ആറുമാസമേ ആയുസ്സുണ്ടാവുകയുള്ളൂ. പിന്നീട് പഴഞ്ചനായി മാറുന്നു. അത് ഉപയോഗിക്കാതെ അലമാരയിൽ സൂക്ഷിക്കുകയാണ് ചെയ്യാറ്. ഉടുക്കാനില്ലാത്ത പാവങ്ങൾ ചോദിച്ചാലോ ഇവയിലൊന്നുപോലും കൊടുത്തു പോവുകയില്ല.

ഏത് രീതിയിലുള്ള വസ്ത്രം ധരിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ട്. വ്യക്തിയുടെ ഈ സ്വകാര്യാവകാശത്തിൽ കൈ കടത്താൻ ആരെയും അനുവദിച്ചുകൂടാ. അത് ഗവൺമെന്റായാലും സ്കൂൾ മാനേജ്മെന്റായാലും. പർദ്ദ, മഫ്ത എന്ന് കേൾക്കുമ്പോൾ ഹാലിളകുന്ന ചിലരുണ്ട്. എന്നാൽ ഇതിനു സമാനമായ രീതിയിൽ ശിരോവസ്ത്രം ധരിക്കുന്ന കന്യാസ്ത്രീകളുടെ കാര്യത്തിൽ ഇക്കൂട്ടർക്ക് യാതൊരു ആകുലതയുമില്ല.

സാമ്പത്തിക മാന്ദ്യമോ, കാലാവസ്ഥാ വ്യതിയാനമോ, പുതുതായി പ്രത്യക്ഷപ്പെട്ട് കൊണ്ടിരിക്കുന്ന രോഗങ്ങളോ ഒന്നും ഇവർക്ക് പ്രശ്നമല്ല. മറിച്ച് പ്രശ്നം മുഴുവൻ രാജ്യത്തിലെ ന്യൂനപക്ഷമായ മുസ്ലിം സ്ത്രീകൾ ധരിക്കുന്ന പർദയും മഫ്തയുമാണ്. അതിനെതിരെ വിലക്കും നിരോധനവും ഏർപ്പെടുത്താൻ ലോക രാജ്യങ്ങൾ വിശിഷ്യാ ക്രൈസ്തവ യൂറോപ്പ് മത്സരിച്ച് കൊണ്ടിരിക്കുകയാണ്. ഫ്രാൻസും ബെൽജിയവും മഫ്തക്കെതിരെ നിയമം കൊണ്ടുവന്നു കഴിഞ്ഞു. മഫ്ത ധരിച്ചാൽ 25 യൂറോ ആണ് പിഴ അടക്കേണ്ടത്. ഭർത്താവ് നിർബന്ധിക്കുകയാണെങ്കിൽ 15000 യുറോ പിഴ, മാത്രമല്ല ഒരു വർഷത്തെ തടവും. ഡന്മാർക്കും സ്വിറ്റ്സർലാന്റും, സ്പെയിനും ഇറ്റലിയുമെല്ലാം ഇതേ വഴിക്ക് നീങ്ങി കൊണ്ടിരിക്കുകയാണ്.

മതാചാരപ്രകാരം വേഷം ധരിക്കാനും, പ്രചരിപ്പിക്കാനും ഇന്ത്യൻ ഭരണഘടന ഓരോ



**വിശ്വസാഹിത്യകാരിയായ കമലസുറയ്യ സാഹിത്യ സാംസ്കാരിക നായകന്മാരുടെ കണ്ണിലെ കരടായത് ഇസ്‌ലാം വിശ്വസിച്ചതോടെയും പർദ്ദയും മഫ്തയും ധരിക്കാൻ തുടങ്ങിയതോടെയുമായിരുന്നല്ലോ. ടെന്നീസ് കളിക്കാരിയായ സാനിയ മിർസ പ്രശസ്തയായതും ഏവർക്കും പ്രിയങ്കരിയായതും കളിക്കളത്തിൽ ഇറുകിയതും നീളം കുറഞ്ഞതുമായ വസ്ത്രം ധരിക്കാൻ തുടങ്ങിയപ്പോഴാണ്. മിർസയുടെ നഗ്നത വെളിവാക്കുന്ന ചിത്രങ്ങൾ കേരളത്തിലെ മുത്തശ്ശിപത്രങ്ങൾ പ്രാധാന്യത്തോടെ കൊടുക്കുന്നത് കാണാം. എന്നാൽ ഒളിമ്പിക്സ് പോലുള്ള കായിക മത്സരങ്ങളിൽ ഇസ്‌ലാമികവേഷം ധരിച്ചെത്തുന്ന ഖത്തറിലെയും ബഹ്റൈനിലെയും സ്ത്രീകളെ പറ്റി ഒരു റിപ്പോർട്ടും ഇവർ കൊടുക്കാറില്ല.**

പൗരനും അവകാശം നൽകുന്നുണ്ട്. ആ ഇന്ത്യയിൽ പോലും മഫ്തക്കെതിരെ ചില ശക്തികൾ വിലക്കുകൾ ഏർപ്പെടുത്താൻ ശ്രമിച്ച് കൊണ്ടിരിക്കുകയാണ്. കൊൽക്കത്തയിൽ ബുർഖധാരിയെ പേടിച്ച് വിമാനം നിലത്തിറക്കുക വരെയുണ്ടായി. ഡൽഹിയിൽ നിന്ന് കൊൽക്കത്ത വഴി ധാക്കയിലേക്ക് പോകുന്ന വിമാനത്തിനകത്ത് ബുർഖ ധരിച്ച സ്ത്രീയടക്കം രണ്ടു പേർ സംശയാസ്പദമായി പെരുമാറുന്നുവെന്ന യാത്രക്കാരിയുടെ പരാതിയെ തുടർന്ന് പൈലറ്റ് എയർട്രാഫിക്ക് കൺട്രോളറുമായി ബന്ധപ്പെട്ടു. തുടർന്ന് വിമാനം സുഭാഷ് ചന്ദ്രബോസ് വിമാനത്താവളത്തിൽ ഇറക്കി. ഉടൽ കമാന്റോകൾ വിമാനത്തിൽ ഇടിച്ചു കയറുകയും വിമാനത്തിലുണ്ടായിരുന്ന രണ്ട് റഷ്യക്കാരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. മുഖമറ മാറ്റാതെ ഭക്ഷണം കഴിച്ചതാണ് സംശയത്തിന് ഇടയാക്കിയത്. റഷ്യൻ ഭാഷ ജീവനക്കാരിക്ക് അറിഞ്ഞു കൂടാത്തതും സംശയത്തിന് കാരണമായി. വിമാനം നിലത്തിറങ്ങിയ ഉടൻ സുരക്ഷാസേനയും ബോംബ് സ്ക്വാഡും അഗ്നിശമനവ്യൂഹവും പോലീസും വിമാനം വളഞ്ഞു. ഇവർ റഷ്യയിലെ ചെച്ച്നിയയിൽ നിന്നുള്ളവരാണെന്ന് പാസ്പോർട്ട് പരിശോധിച്ചപ്പോൾ മനസ്സിലായി. അസ്വാഭാവികമായി ഒന്നും കാണാത്തതിനാൽ ഒടുവിൽ ഇവരെ വിട്ടയക്കുകയാണുണ്ടായത്!

മഫ്ത ധരിച്ചതിന്റെ പേരിൽ ആലപ്പുഴയിലെ ഗുരുപുരം ബിലിവേഴ്സ് ചർച്ച് സ്കൂളിലെ നബാലയെന്ന വിദ്യാർത്ഥിനിക്ക് പലപ്പോഴായി ആക്ഷേപവും പരിഹാസവും കേൾക്കേണ്ടി വരാറുണ്ടായിരുന്നു. സ്കൂളിൽ പഠിക്കണമെങ്കിൽ ശിരോവസ്ത്രം പാടില്ലെന്ന് അധികൃതരും മതാചാരം തള്ളാൻ പാടില്ലെന്ന തീരുമാനത്തിൽ കുട്ടിയും ഉറച്ചു നിന്നതോടെയാണ് പ്രശ്നം രൂക്ഷമായതും പുറത്താക്കലിലേക്ക് നയിച്ചതും. കോഴിക്കോട് ജില്ലയിലെ ചെലവൂരിനടുത്ത് ലിറ്റിൽ ഫ്ളവർ സ്കൂളിലും ഇത്തരത്തിലുള്ള സംഭവമുണ്ടായി. ഒടുവിലതാ കൊയിലാണ്ടി സ്വദേശിയും തിരുവനന്തപുരത്ത് വികാസ്ഭവനിൽ പ്രവർത്തിക്കുന്ന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടേറ്റിലെ ജീവനക്കാരിയുമായ ഷാഹിനക്ക് മഫ്ത ധരിച്ചതിന്റെ പേരിൽ ബേക്കറി ജംഗ്ഷനിലെ വനിതാ ഹോസ്റ്റലിൽ റൂം കൊടുത്തില്ലത്രെ.

കുട്ടികളുടെ പഠനം, ഭാവി എന്നിവയോർത്ത് പുറത്ത് പറയാത്ത എത്രയോ സംഭവങ്ങൾ വേറെയുമുണ്ടാകാം. മഫ്ത എന്ന വേഷത്തോടല്ല ഇസ്‌ലാമിനോടുള്ള വിരോധമാണ് ഇതിലൂടെ പ്രകടമാകുന്നത്. വിശ്വസാഹിത്യകാരിയായ കമലസുറയ്യ സാഹിത്യ സാംസ്കാരിക നായകന്മാരുടെ കണ്ണിലെ കരടായത് ഇസ്‌ലാം വിശ്വസിച്ചതോടെയും പർദ്ദയും മഫ്തയും ധരിക്കാൻ തുടങ്ങിയതോടെയുമായിരുന്നല്ലോ. ടെന്നീസ് കളിക്കാരിയായ സാനിയ മിർസ പ്രശസ്തയായതും ഏവർക്കും പ്രിയങ്കരിയായതും കളിക്കളത്തിൽ ഇറുകിയതും നീളം കുറഞ്ഞതുമായ വസ്ത്രം ധരിക്കാൻ തുടങ്ങിയപ്പോഴാണ്. മിർസയുടെ നഗ്നത വെളിവാക്കുന്ന ചിത്രങ്ങൾ കേരളത്തിലെ മുത്തശ്ശിപത്രങ്ങൾ പ്രാധാന്യത്തോടെ കൊടുക്കുന്നത് കാണാം. എന്നാൽ ഒളിമ്പിക്സ് പോലുള്ള കായിക മത്സരങ്ങളിൽ ഇസ്‌ലാമികവേഷം ധരിച്ചെത്തുന്ന ഖത്തറിലെയും ബഹ്റൈനിലെയും സ്ത്രീകളെ പറ്റി ഒരു റിപ്പോർട്ടും ഇവർ കൊടുക്കാറില്ല.

മഫ്ത മാത്രമല്ല പള്ളിമിനാരങ്ങൾ പോലും കെട്ടിയുയർത്താൻ അനുവദിക്കാത്ത യൂറോപ്യൻ രാജ്യങ്ങളുമുണ്ട്. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും മുദ്രാവാക്യമാക്കി വിപ്ലവം നയിച്ച ഫ്രാൻസിലാണ് മഫ്ത നിരോധിച്ചതെന്നോർക്കുക. തന്റെ മുഖം മറക്കണോ തുറന്നിടമോയെന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ സ്ത്രീക്കുമുണ്ട്. പർദ്ദ നിരോധനത്തെ ആംനെസ്റ്റി ഇന്റർനാഷണലും, ഹ്യൂമൺ റൈറ്റ് വാച്ചും എതിർക്കുന്നത് അതുകൊണ്ടാണ്.

സാമ്പത്തികവ്യവസ്ഥിതി മാത്രമല്ല സാമൂഹിക കുടുംബ വ്യവസ്ഥ പോലും യൂറോപ്പിൽ തകർന്നുകൊണ്ടിരിക്കുകയാണ്. അവിടെ സദാചാരമൂല്യങ്ങൾക്ക് ഒരു വിലയുമില്ല. അങ്ങനെ വിഷണ്ണരായി കഴിയുന്ന ക്രിസ്ത്യൻ മേധാവികളും മറ്റും കണ്ടെത്തിയ തന്ത്രമാണ് മഫ്താവിരോധം. എത്രമാത്രം ഇസ്‌ലാമിനെതിരെ നിഴൽയുദ്ധം നടത്തുന്നുവോ അതിലുമധികം പേർ ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.